ഫണ്ടിന്റെ അഭാവമാണ് സ്ഥലം ഏറ്റെടുക്കൽ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ കാരണം.

2015-16 റെയിൽവേ ബഡ്ജറ്റിൽ 5 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണച്ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്ന റെയിൽവേയുടെ ആവശ്യത്തിന്മേൽ സംസ്ഥാന സർക്കാർ ആദ്യകാലം മുതൽ അനുകൂലമായ നിലപാട് സ്വീകരിച്ചില്ല എന്ന കാരണത്താൽ അങ്കമാലി-ശബരി റെയിൽവേ പ്രോജക്ടിന്റെ വിശദമായ എസ്റ്റിമേറ്റ് റെയിൽവേ ബോർഡ് അംഗീകരിച്ചിട്ടില്ല. ആയതിനാൽ കാലടിക്ക് ശേഷമുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയിൽനിന്നും റെയിൽവേ താൽക്കാലികമായി പിന്നോട്ട് പോവുകയാണ് ഉണ്ടായത്.

എന്നാൽ ഇപ്പോൾ അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ ആകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.

സബർബൻ റെയിൽ പദ്ധതി

126 (493) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന സബർബൻ റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ റെയിൽ മന്ത്രാലയത്തിന്റെ നിലപാട് എന്താണെന്ന് അറിയിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി നടപ്പായാൽ ഉണ്ടാകാവുന്ന നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

(എ) സബർബൻ ടെയിൻ പദ്ധതിയുടെ സാദ്ധ്യതാ പഠനത്തിനായി ചുമതലപ്പെടുത്തിയ മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ കമ്പനി പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തിയശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

മുതൽ ചെങ്ങന്നൂർ വരെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഏകദേശം 3300 കോടി രൂപ ചെലവുവരുമെന്നാണ് DPR-ൽ വ്യക്തമാക്കിയിട്ടുള്ളത്. അതിനാൽ 50% തുല്യ പങ്കാളിത്തത്തിൽ സംസ്ഥാന സർക്കാരും ഇൻഡ്യൻ റെയിൽവേയും കൂടി ചേർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചുകൊണ്ട് പദ്ധതി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനായി ഒരു കരട് ധാരണാ പത്രവും (MOU) കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾക്കായി കേന്ദ്ര സർക്കാരിന്റെ മറുപടി പ്രതീക്ഷിക്കുന്നു.

(ബി) ഇക്കാര്യത്തിൽ റെയിൽ മന്ത്രാലയത്തിന്റെ നിലപാട് ഇതേവരെ കേരള സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടില്ല. ഇത് സംബന്ധിച്ച് സംസ്ഥാന ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റെയിൽവേ ബോർഡുമായി ചർച്ചകൾ നടത്തിവരുന്നു.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ ഉണ്ടാകുന്ന നേട്ടങ്ങൾ:

1. ഈ പദ്ധതി പൊതു ഗതാഗത പദ്ധതിയായതിനാൽ സാമൂഹിക-സാമ്പത്തിക രംഗം മെച്ചപ്പെടുത്തുന്നതിന് ഉപകാരപ്രദമായിരിക്കും.
2. ഈ പദ്ധതിയിൽ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം നടപ്പിലാക്കുന്നതുവഴി നിലവിലുള്ള റെയിൽ സംവിധാനത്തിന്റെ കപ്പാസിറ്റി വർദ്ധിക്കും.
3. റെയിൽവേ ഗേറ്റുകളുടെ എണ്ണം പരമാവധി കുറയ്ക്കുകയും അതുമൂലം റെയിൽ ഗതാഗതവും റോഡ് ഗതാഗതവും മെച്ചപ്പെടുകയും ചെയ്യും.
4. റോഡ് ഗതാഗതത്തിന്റെ ഇന്നനുഭവപ്പെടുന്ന തിരക്ക് കുറയുകയും അതുവഴി ഗതാഗതക്കുരുക്കിന് ഒരു പരിധി വരെ അറുതി വരുത്തുവാനും സാധിക്കും.
5. യാത്രാ സമയം കുറയും.
6. പരിസ്ഥിതി സൗഹൃദവും സൗകര്യപ്രദവും സുരക്ഷിതവുമായ ഒരു യാത്രാ സംവിധാനം നിലവിൽ വരും.
7. റെയിൽവേ സ്റ്റേഷനുകൾ മെച്ചപ്പെടുത്തുവാനും റെയിൽവേ ഭൂമി പരമാവധി ജനോപകാരപ്രദമായി ഉപയോഗപ്പെടുത്തുവാനും സാധിക്കും.

സർവ്വോപരി പദ്ധതി പ്രദേശത്തെ പൊതു ഗതാഗത സംവിധാനം മെച്ചപ്പെടുകയും സാധാരണ ജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാ സംവിധാനം ലഭിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly